# കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്

ആമുഖം

കേരളത്തിന്റെ സാമ്പത്തിക നിലനിൽപ്പിലും ജീവിത നിലവാരത്തിലെ ഉയർച്ചയിലും പ്രവാസി കേരളീയർ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പിറന്ന നാടിനെയും ബന്ധുജനങ്ങളെയും വിട്ട് മറുനാട്ടിൽ വിയർപ്പൊഴുക്കുന്ന പ്രവാസി കേരളീയർക്കായുള്ള ക്ഷേമ ബോർഡ് 2009 ൽ കേരള സർക്കാർ ആരംഭിച്ചു. രാജ്യത്ത് ആദ്യമായാണ് ഇങ്ങനെ ഒരു ബോർഡ് രൂപീകൃതമായത്. പ്രവാസികളിൽ ഒരു നല്ല ശതമാനം ആൾക്കാരും താഴ്ന്ന/ഇടത്തര വരുമാനക്കാരാണ്. ഈ വിഭാഗക്കാരാണ് ഗൾഫിലും മറ്റ് വിദേശ രാജ്യങ്ങളിലും ജീവിതത്തിൽ മൗലികമായ പല പ്രശ്നങ്ങളും അഭിമുഖീകരിച്ച് വളരെ ദയനീയമായ സ്ഥിതിയിൽ നാട്ടിലെത്തുന്നത്. എന്തെങ്കിലും സമ്പാദിക്കുന്നതിനോ, നാട്ടിലെത്തിയവർക്ക് മതിയായ പുനരധിവാസം സാദ്ധ്യമാകാതെയോ കഴിയുന്ന ഒട്ടേറെ ആൾക്കാർ ഉണ്ട്. ഇതേപോലെ കേരളത്തിന് പുറത്ത് മറ്റ് സംസ്ഥാനങ്ങളിൽ തൊഴിലെടുത്ത് ജീവിക്കുന്ന പ്രവാസികളും പലതരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നു. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് കൊണ്ടാണ് കേരള സർക്കാർ രാജ്യത്തിന് തന്നെ മാതൃകയായ പ്രവാസി ക്ഷേമ പദ്ധതികൾക്കായി 'പ്രവാസി ക്ഷേമനിധി' വിദേശ മലയാളികൾക്കും ഇന്ത്യക്കകത്തുള്ള പ്രവാസികൾക്കുമായി രൂപീകരിച്ചത്. കേരള നിയമ സഭ ഇതിനായി പ്രവാസി കേരളീയരുടെ ക്ഷേമ ആക്ട് ,2008 നിയമമാക്കുകയും 2009-ൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നിലവിൽ വരികയും ചെയ്തു. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള 2009 ലെ പ്രവാസി കേരളീരുടെ ക്ഷേമ പദ്ധതി പ്രകാരമുള്ള പ്രവാസി ക്ഷേമ പ്രവർത്തനങ്ങളാണ് ബോർഡ് നടപ്പാക്കി വരുന്നത്.

ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം18 വയസ്സിനും 60 വയസ്സിനുമിടയിൽ പ്രായമുള്ള പ്രവാസി കേരളീയൻ (വിദേശം), മുൻ പ്രവാസി കേരളീയൻ (വിദേശം), പ്രവാസി കേരളീയൻ (ഭാരതം) എന്നീ 3 വിഭാഗങ്ങളിലുള്ള പ്രവാസി കേരളീയർക്കാണ് പ്രവാസി ക്ഷേമനിധിയിൽ അംഗമാകാൻ കഴിയുന്നത്. വിദേശത്തുള്ള പ്രവാസി കേരളീയർക്ക് 3500 രൂപയായും മുൻ പ്രവാസികൾക്കും, അന്യ സംസ്ഥാന പ്രവാസികൾക്കും 3000 രൂപയായും പ്രതിമാസ മിനിമം പെൻഷൻ ഉയർത്തി രാജ്യത്ത് ഏറ്റവും കൂടുതൽ തുക ക്ഷേമ പെൻഷനായി നൽകുന്ന ബോർഡാക്കി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിനെ കേരള സർക്കാർ മാറ്റിക്കഴിഞ്ഞു. നേരത്തെ അംഗത്വമെടുത്ത് തുടർച്ചയായി അംശദായം അടയ്ക്കുന്നവർക്ക് 7000 രൂപ വരെ പെൻഷൻ ലഭിക്കുന്നതിന് അവസരമുണ്ട്. ലോകത്തിന്റെ ഏതു കോണിൽ നിന്നും ഓൺലൈനായി ക്ഷേമനിധി അംഗത്വം എടുക്കാനും അംശദായം അടയ്ക്കാനും കഴിയുന്ന കേരളത്തിലെ ഏക അന്തർദ്ദേശീയ ക്ഷേമ ബോർഡാണ് കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്. ഇതുകൂടാതെ പ്രവാസികളുടെ നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവാനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകികൊണ്ട് 2019 ഡിസംബറിൽ പ്രവാസി ക്ഷേമ ബോർഡ് നടപ്പിലാക്കിയ നിക്ഷേപാധിഷ്ഠിത മാസ വരുമാന പദ്ധതിയായ പ്രവാസി ഡിവിഡന്റ് പദ്ധതിക്ക് വൻ സ്വീകരണമാണ് പ്രവാസികൾ നൽകിവരുന്നത്.പ്രവാസി നിക്ഷേപങ്ങൾ തങ്ങളുടെ ജന്മനാടിന്റെ വികസനപ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ ഈ പദ്ധതി പ്രവാസി കേരളീയർക്ക് അവസരം നൽകുന്നു എന്നത് ഇതിന്റെ സവിശേഷതയാണ്. സർക്കാർ സബ്സിഡിയോടുകൂടി പ്രവാസി ഭവന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ലോകമെമ്പാടും ചിതറിക്കിടക്കുന്ന മലയാളി പ്രവാസി

സമൂഹത്തിന് സുരക്ഷിത വരുമാനം ഉറപ്പാക്കി, താങ്ങും തണലുമായി, ആശ്രയ കേന്ദ്രമായി കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് മാറിയിരിക്കുന്നു.

**അംഗത്വം, രജിസ്ട്രേഷൻ ഫീസ്, അംഗത്വ / അംശദായ വിവരങ്ങൾ**

നിലവിൽ ലോകത്തിന്റെ ഏതു കോണിൽ നിന്നും പ്രവാസി ക്ഷേമ നിധിയിൽ ഓൺലൈനായി അംഗത്വമെടുക്കാനും അംശദായം അടയ്ക്കാനും അംഗത്വ വിവരങ്ങൾ പരിശോധിക്കുന്നതിനും പെൻഷനും, ബോർഡ് നൽകുന്ന വിവിധ ആനുകൂല്യങ്ങൾക്കുമെല്ലാം ഓൺലൈനായി അപേക്ഷിക്കുവാനും കഴിയും. പ്രവാസി ക്ഷേമ ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.pravasikerala.org ൽ മേൽ സൂചിപ്പിച്ച എല്ലാ സേവനങ്ങളും ലഭ്യമാണ്. ലോഗിൻ ചെയ്യുന്ന എല്ലാ അംഗങ്ങൾക്കും വിവരങ്ങൾ തങ്ങളുടെ മൊബൈൽ ഫോണിൽ ലഭിക്കും. ഇപ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമബോർഡിന്റെ സേവനങ്ങൾ ഓഫീസുകളിൽ പോകാതെ തന്നെ ലഭിക്കുന്നു.

ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.pravasikerala.org** വഴി ഓൺലൈൻ ആയി അംഗത്വമെടുക്കാവുന്നതാണ്. **www.pravasikerala.org** ൽ Welfare Schemes -> Register Online-> New Members എന്ന ലിങ്കിൽ ലോഗിൻ ചെയതശേഷം അംഗത്വം എടുക്കാം. ഓൺലൈൻ വഴി അംഗത്വമെടുക്കുമ്പോൾ ആവശ്യമായ രേഖകൾ സ്കാൻ ചെയ്ത് അപ്ലോഡ് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസായ 200 രൂപയും ഓൺലൈൻ വഴി അടയ്ക്കാവുന്നതാണ്. ഇത്തരത്തിൽ പൂർണ്ണരേഖകളും വിവരങ്ങളും ഫീസും സമർപ്പിച്ച അപേക്ഷകർക്ക് അപേക്ഷാ നമ്പർ രജിസ്റ്റേർഡ് മൊബൈലിൽ / മെയിലിൽ ലഭിക്കും. തുടർന്ന് ഓഫീസിൽ പരിശോധിച്ച് അപേക്ഷ അംഗീകരിച്ചാൽ 10 അക്ക രജി.നമ്പർ അടക്കമുള്ള വിവരങ്ങൾ അതാത് അപേക്ഷകരുടെ മൊബൈലിൽ/ മെയിലിൽ ലഭ്യമാകും. അപേക്ഷ നിരസിക്കുകയാണെങ്കിലോ കൂടുതൽ രേഖകൾ ആവശ്യമുണ്ടെങ്കിലോ ആ വിവരവും ലഭ്യമാകും. അങ്ങനെയുള്ള അപേക്ഷകർ അപേക്ഷകൾ പുനഃസമർപ്പിക്കുമ്പോൾ 60 വയസ്സ് കഴിയാൻ പാടില്ല. രജി.നമ്പർ ലഭിച്ച അംഗങ്ങൾക്ക് 10 ദിവസത്തിനകം അംശദായ അടവ് / തിരിച്ചറിയൽ കാർഡ് സ്വന്തമായി തന്നെ പ്രിന്റ് ചെയ്തെടുത്ത് അംശദായം ഓൺലൈനായി അടയ്ക്കാവുന്നതാണ്.

അംഗത്വ തീയതി മുതൽ 60 വയസ്സ് പൂർത്തിയായി പെൻഷനാകുന്നതുവരെ പ്രതിമാസ അംശദായം മുടക്കം കൂടാതെ അടയ്ക്കണം. 55 വയസ്സ് കഴിഞ്ഞു അംഗത്വമെടുക്കുന്നവർ യഥാക്രമം 5 കൊല്ലം പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷന് അർഹരാകും. മുൻകൂർ ആയി അംശദായം അടയ്ക്കുന്നതാണ് നല്ലത്. കേരള പ്രവാസി ക്ഷേമ ബോർഡിന്റെ വെബ്സൈറ്റ് **www.pravasikerala. org** ൽ Welfare Schemes- Register Online-> Existing Member Registration എന്ന ലിങ്കിൽ ലോഗിൻ ചെയ്താൽ ലോകത്തിന്റെ ഏതു കോണിൽ നിന്നും അംശദായം ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഡെബിറ്റ് / ക്രെഡിറ്റ് കാർഡുകൾ, മറ്റു ഇലക്ട്രോണിക് അടവു സംവിധാനങ്ങൾ എന്നിവ ഉപയോഗപ്പെടുത്തി യാതൊരു വിധ ചാർജുകളും ഇല്ലാതെ ക്ഷേമനിധിയിലേക്ക് അടവുകൾ നടത്താനുള്ള സംവിധാനം ഉണ്ട്. അന്തർദ്ദേശീയ കാർഡുകൾക്ക് ഗേറ്റ്വേ ചാർജസ് ബാധകം. ഓഫീസിലേക്ക് വരാതെ തന്നെ അംഗങ്ങൾക്ക് അവരുടെ അംഗത്വ / അംശദായ അടവ് വിവരങ്ങൾ വെബ്സൈറ്റിൽ ലഭ്യമാകും. മേൽ സൂചിപ്പിച്ച

രീതിയിൽ ലോഗിൻ ചെയ്തിരിക്കണം. **www.pravasikerala. org** ൽ Welfare Schemes- Register Online->Quick Payment ലിങ്കുപയോഗിച്ച് ലോഗിൻ ചെയ്യാതെയും അംശദായം അടയ്ക്കാവുന്നതാണ്. ലോഗിൻ ചെയ്താൽ ബോർഡ് നൽകുന്ന മെസേജിംഗ് സൗകര്യം ലഭ്യമാകും. ഇപ്രകാരം വളരെ സുതാര്യമായ സംവിധാനങ്ങളാണ് ബോർഡ് ഒരുക്കിയിട്ടുള്ളത്.

അക്ഷയ കേന്ദ്രങ്ങൾ വഴിയും അംശദായം അടയ്ക്കാവുന്നതാണ്. ഒമാനിലുള്ള പ്രവാസികൾക്ക് ഗ്ലോബൽ മണി എക്ചേഞ്ച് വഴിയും അടവുകൾ നടത്താൻ കഴിയും. വിദേശത്തുള്ള അംഗീകൃത പ്രവാസി സംഘടനകൾ വഴിയും അംഗത്വം എടുക്കാവുന്നതാണ്. ക്ഷേമനിധിയിലേക്കുള്ള അടവുകൾ ഓൺലൈനായി നടത്തുന്നതാണ് അഭികാമ്യം.

പ്രവാസി ക്ഷേമ ബോർഡുമായി ബന്ധപ്പെട്ട യാതൊരു വിധ കാര്യങ്ങൾക്കും ഏജന്റുമാരെ യാതൊരു കാരണവശാലും സമീപിയ്ക്കരുത്. ബോർഡിന് യാതൊരു വിധ ഏജന്റുമാരും ഇല്ല.

## ക്ഷേമനിധി സ്വരൂപിക്കൽ

ക്ഷേമനിധി പ്രധാനമായും സ്വരൂപിക്കുന്നത് നിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള താഴെ കാണുന്ന 3 വിഭാഗങ്ങളിൽ നിന്നാണ്.

| ക്രമ നമ്പർ | വിഭാഗം | അംശദായം | രജിസ്ട്രേഷൻ ഫീസ് |
|---|---|---|---|
| 1. | പ്രവാസി കേരളീയൻ (വിദേശം) | പ്രതിമാസം 350 രൂപ | 200 രൂപ ഒറ്റത്തവണ രജിസ്ട്രേഷൻ സമയത്ത് നൽകണം |
| 2. | മുൻ പ്രവാസി കേരളീയൻ (വിദേശം) | പ്രതിമാസം 200 രൂപ | |
| 3. | പ്രവാസി കേരളീയൻ (ഭാരതം) | പ്രതിമാസം 200 രൂപ | |

### ക്ഷേമ പദ്ധതികൾ

കേരള പ്രവാസി കേരളീയ ക്ഷേമപദ്ധതി വിഭാവനം ചെയ്യുന്ന വിവിധ പദ്ധതികളാണ് ക്ഷേമ ബോർഡ് നടപ്പിലാക്കികൊണ്ടിരിക്കുന്നത്.

**1. പെൻഷൻ**

അറുപത് വയസ്സ് പൂർത്തിയായതും അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ വിദേശം-1എ അംഗത്തിന് 3,500/- രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം)-1ബി അംഗത്തിനും, പ്രവാസി കേരളീയൻ (ഭാരതം)-2എ അംഗത്തിനും പ്രതിമാസം 3,000/- രൂപയും മിനിമം പെൻഷൻ അനുവദിച്ചുവരുന്നു. അഞ്ചുവർഷത്തിൽ കൂടുതൽകാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും ടി നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാന ത്തിന് തുല്യമായ തുക കൂടി അധിക പെൻഷനായി നല്കുന്നുണ്ട്.

അംഗമായ തീയതി മുതൽ പെൻഷനാകുന്ന തീയതി വരെ തുടർച്ചയായി അംശദായം അടച്ച് അർഹത നേടിയ അംഗങ്ങൾ **www.pravasikerala.org** എന്ന വെബ്സൈറ്റ് മുഖേന മൊബൈൽ

നമ്പർ ഉപയഗോഗിച്ച് യൂസർ ഐ.ഡി., പാസ്സ്‌വേർഡ് ക്രിയേറ്റ് ചെയ്ത് ലോഗിൻ ചെയ്ത് പെൻഷൻ അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

**2. കുടുംബ പെൻഷൻ**

പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കെയോ, അഞ്ചുവർഷത്തിൽ കുറയാത്ത കാലയളവിൽ അംശദായം അടച്ചിട്ടുള്ളതും അംഗത്വം റദ്ദാകാത്തതോ ആയ അംഗം മരണമടയുന്നപക്ഷം അർഹതപ്പെട്ട കുടുംബാംഗത്തിന് മുൻഗണനാക്രമത്തിൽ (ഭാര്യ/ഭർത്താവ്, 22 വയസ്സ് പൂർത്തിയാകാത്ത മക്കൾ, മാനസിക വൈകല്യം ഉള്ള മക്കൾ, പ്രായപൂർത്തിയായ അവിവാഹിതരായ പെൺമക്കൾ, അംഗത്തെ പൂർണ്ണമായി ആശ്രയിച്ചിരിക്കുന്ന അമ്മ/അച്ഛൻ) കുടുംബ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. കുടുംബ പെൻഷൻ തുക അർഹതപ്പെട്ട പ്രതിമാസ പ്രായാധിക്യപെൻഷൻ തുകയുടെ അൻപത് ശതമാനമായിരിക്കും.

**3. അവശതാ പെൻഷൻ**

തന്റെ നിത്യവൃത്തിക്കായി ഏതെങ്കിലും തൊഴിൽ ചെയ്യുന്നതിന് സ്ഥായിയായ ശാരീരിക അവശത മൂലം കഷ്ടത അനുവദിക്കുന്നതും ക്ഷേമ നിധിയിൽ മൂന്നുവർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി അംശദായമടച്ചിട്ടുള്ളതുമായ ഒരംഗത്തിന് അർഹതപ്പെട്ട പെൻഷൻ തുകയുടെ നാല്പതു ശതമാനത്തിനു തുല്യമായ തുക പ്രതിമാസ അവശതാ പെൻഷൻ ലഭിക്കാനർഹത ഉണ്ടായിരിക്കുന്നത്. **www.pravasikerala.org** എന്ന വെബ്സൈറ്റ് മുഖേന മൊബൈൽ നമ്പർ ഉപയോഗിച്ച് യൂസർ ഐ.ഡി., പാസ്സ്‌വേർഡ് ഉണ്ടാക്കി ലോഗിൻ ചെയ്ത് അവശതാ പെൻഷൻ അപേക്ഷ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്.

**4. മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ധനസഹായം**

പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് അഞ്ചുകൊല്ലം പൂർത്തിയാകുന്നതിനു മുമ്പായി സജീവ അംഗം മരണപെട്ടാൽ ആശ്രിതർക്ക് മരണാനന്തര ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. അംഗം മരണപ്പെടുന്നതുവരെ അംശദായമായി അടച്ച തുകയും നോമിനിക്ക് തിരികെ നൽകുന്നതാണ്. 1 എ , 1ബി, 2എ അംഗങ്ങളുടെ ആശ്രിതർക്ക് യഥാക്രമം 50,000 രൂപ, 30,000 രൂപ, 25,000 രൂപ ആണ് മരണാനന്തരധനസഹായം ലഭിക്കുന്നത്. 5 കൊല്ലം കഴിഞ്ഞാണ് മരണപ്പെടുന്നതെങ്കിൽ അംഗത്തിന്റെ നോമിനിക്ക് കുടുംബപെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്. 1 വർഷത്തിലേറെ അംഗത്വകുടിശ്ശിഖ വരുത്തി അംഗത്വം റദ്ദായ സമയത്താണ് അംഗം മരണപ്പെടുന്നതങ്കിൽ അംശദായമായി അടച്ച തുക നോമിനിക്ക് തിരികെ ലഭിക്കും.

**5 ചികിത്സാസഹായം**

ഗുരുതരമായ രോഗം ബാധിച്ച അംഗങ്ങളുടെ ചികിത്സക്കായി ഒരംഗത്തിന് മുഴുവൻ അംഗത്വകാലയളവിൽ അമ്പതിനായിരം രൂപയെന്ന പരമാവധി പരിധിക്ക് വിധേയമായി അനുവദനീയ ചികിത്സാ ചെലവുകൾ അനുവദിക്കുന്നതാണ്. എന്നാൽ അംഗത്തിന്റെ ഏതെങ്കിലും ചികിത്സയ്ക്ക് കേന്ദ്രസർക്കാരിൽ നിന്നോ, കേരള സർക്കാരിൽനിന്നോ, നോർക്കാ റൂട്ട്സിൽനിന്നോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നോ ധനസഹായം ലഭിക്കുന്നപക്ഷം ആ ചികിത്സയ്ക്ക് ഈ പദ്ധതിപ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല. ചികിത്സ കഴിഞ്ഞ് 6 മാസത്തിനകം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ചികിൽസാ ചെലവുകളുടെ

ഒർജിനൽ ബില്ലുകൾ , ചികിൽസിച്ച ഡോക്ടറുടെ സാക്ഷ്യപത്രം ( Essentiality Certificate) സഹിതം അപേക്ഷ ഓൺലൈനായി സമർപ്പിച്ചിരിക്കണം.കേരളത്തിലെ എല്ലാ സർക്കാർ ആശുപത്രികളിലെയും സഹകരണ ആശുപത്രികളിലെയും സർക്കാർ / ബോർഡ് അംഗീകരിച്ച പ്രൈവറ്റ് ഹോസ്പിറ്റലുകളിലെയും ചികിൽസയ്ക്കാണ് ധനസഹായത്തിനർഹതയുള്ളത്. പ്രൈവറ്റ് ഹോസ്പിറ്റലുകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്. വിദേശത്താണ് ചികിൽസ നടക്കുന്നതെങ്കിൽ ആ രാജ്യത്തെ എംബസിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. എംബസിയുടെ സാക്ഷ്യപത്രം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ബന്ധപ്പെട്ട പ്രവാസി ക്ഷേമ ബോർഡ് ഡയറക്ടറുടെ നിർദ്ദിഷ്ട സാക്ഷ്യപത്രം ഹാജരാക്കാവുന്നതാണ്.

**6. വിവാഹധനസഹായം**

കുറഞ്ഞത് 3 വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചു വരുന്നതോ, വിവാഹത്തിന് മുമ്പെ 3 വർഷത്തെ അംശദായം മുൻകൂറായി അടച്ചതോ ആയ അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കളുടേയും വനിത അംഗങ്ങളുടേയും വിവാഹ ചെലവിനായി പതിനായിരം രൂപ ഒരംഗത്തിന് നിധിയിൽനിന്നും ലഭിക്കുന്നതാണ്. എന്നാൽ രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. വിവാഹം കഴിഞ്ഞ് 3 മാസത്തിനകം അപേക്ഷ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് 3 മാസത്തിന് ശേഷവും 1 വർഷത്തിനുള്ളിലുമുള്ള അപേക്ഷയോടൊപ്പം മതിയായ കാരണങ്ങളാലാണ് നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാത്തതെന്ന് തെളിയിക്കുന്ന അപേക്ഷകൻ ഒപ്പിട്ട രേഖ സമർപ്പിക്കേണ്ടതാണ്. അച്ഛനും അമ്മയും വിവാഹിതയാകുന്ന മകളും നിധിയിൽ അംഗമാണെങ്കിലും നിധിയിലെ ഒരംഗത്തിന് മാത്രമേ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.

**7. പ്രസവാനുകൂല്യം**

(1) തുടർച്ചയായി ഒരുവർഷക്കാലം അംശദായം അടച്ചിട്ടുള്ള കല്പിതാംഗങ്ങൾ ഒഴികെയുള്ള ഒരു വനിതാ അംഗത്തിന് പ്രസവത്തിന് മൂവായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഒരംഗത്തിന് രണ്ടിൽ കൂടുതൽ തവണ ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(2) ഗർഭം അലസൽ സംഭവിച്ച കല്പിതാംഗങ്ങൾ ഒഴികെയുള്ള വനിതാ അംഗത്തിന് രണ്ടായിരം രൂപ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ, രണ്ടുതവണ പ്രസവാനുകൂല്യമോ ഗർഭം അലസലിനുള്ള ആനുകൂല്യമോ രണ്ടും കൂടിയോ ലഭിച്ച അംഗത്തിന് തുടർന്ന് ഈ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**8. വിദ്യാഭ്യാസ ആനുകൂല്യം**

രണ്ടുവർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നതാണ്. നിലവിൽ +2 / ഹയർ സെക്കൻഡറി കോഴ്സിനു ശേഷമുള്ള റെഗുലർ കോഴ്സുകൾക്കാണ് വിദ്യാഭ്യാസാനുകൂല്യം ലഭിക്കുന്നത്. വിദ്യാഭ്യാസാനുകൂല്യം ഒരംഗത്തിന് അംഗത്വ കാലയളവിൽ ഒരു തവണ മാത്രമെ ലഭിക്കുകയുള്ളു. പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനം കേരളത്തിലായിരിക്കണം. മെറിറ്റ് സീറ്റിൽ ആയിരിക്കണം പ്രവേശനം നേടിയിട്ടുള്ളത്.

## പ്രവാസി ഡിവിഡന്റ് പദ്ധതി

പ്രവാസി കേരളീയരുടെ ക്ഷേമ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായും പ്രവാസി നിക്ഷേപങ്ങൾ ഫലപ്രദമായി ജൻമനാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച നൂതന ദീർഘകാല നിക്ഷേപ പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. നിക്ഷേപ സുരക്ഷയോടൊപ്പം പ്രവാസി കേരളീയർക്കും ജീവിത പങ്കാളിക്കും ആജീവാനാന്തം പ്രതിമാസ സുരക്ഷിത വരുമാനം ഉറപ്പ് നൽകുന്ന ഈ പദ്ധതിക്ക് വൻ സ്വീകരണമാണ് പ്രവാസികൾ നൽകിയത്. 3 ലക്ഷം രൂപ മുതൽ 51 ലക്ഷം രൂപ വരെ നിക്ഷേപിക്കാവുന്ന ദീർഘകാല പദ്ധതിയിൽ നിക്ഷേപകർക്ക് സർക്കാർ വിഹിതം ഉൾപ്പെടെ 10 % ഡിവിഡന്റ് ഉറപ്പായും ലഭിക്കുന്നു. ടി പരിധിക്കു വിധേയമായി ലക്ഷങ്ങളുടെ ഗുണിതത്തിൽ നിക്ഷേപം തവണകളയും നടത്താവുന്നതാണ്. ആദ്യ 3 വർഷങ്ങളിലെ 10 % ഡിവിഡന്റിന്റെ നികുതി കഴിച്ചുള്ള തുക നിക്ഷേപ തുകയോട് കൂട്ടിച്ചേർക്കുകയും നാലാം വർഷം മുതൽ നിക്ഷേപകർക്ക് പ്രതിമാസ ഡിവിഡന്റ് ലഭ്യമാക്കുകയും ചെയ്യുന്നു. നിക്ഷേപകരുടെ കാലശേഷം പങ്കാളിക്ക് ഡിവിഡന്റ് ലഭ്യമാകും. പങ്കാളിയുടെ മരണാനന്തരം നോമിനിക്ക് നിക്ഷേപ തുകയൊടൊപ്പം കൂട്ടിചേർക്കപ്പെട്ട ആദ്യ മൂന്ന് വർഷങ്ങളിലെ ഡിവിഡന്റ് സഹിതം നിക്ഷേപ തുക തിരികെ നൽകുന്നതാണ്. 2019 ഡിസംബർ 14 നു ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ ഉദ്ഘാടനം നിർവ്വഹിച്ച പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ ഇതിനോടകം വിവിധ ഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിൽ നിന്നും പ്രവാസികളും തിരിച്ചു വന്ന പ്രവാസികളും നിക്ഷേപം നടത്തിയിട്ടുണ്ട്. കോവിഡ് 19 മഹാമാരി സൃഷ്ടിച്ച കഠിന കാലത്തും നാടിന്റെ വികസനത്തിന് പ്രവാസികൾ പദ്ധതിയിൽ അർപ്പിച്ച വിശ്വാസത്തിന്റെ ഫലമാണ് അഭിമാനകരമായ ഈ നേട്ടം. പ്രവാസികൾക്ക് സാമ്പത്തിക പരിരക്ഷയോടൊപ്പം സാമൂഹ്യ സുരക്ഷിതത്വവും ഉറപ്പാക്കുന്ന ഈ പദ്ധതി ഇത്തരത്തിൽ ഇന്ത്യയിലെ തന്നെ ആദ്യത്തേതാണ്. പദ്ധതിയിലേക്കുള്ള നിക്ഷേപം **www.pravasikerala.org** വഴി ഓൺലൈനായി നടത്താവുന്നതാണ്. നിക്ഷേപ സർട്ടിഫിക്കറ്റും മറ്റും ഓൺലൈനായി തന്നെ ലഭിക്കുന്നു.

## പ്രവാസി ഭവന പദ്ധതി

പ്രവാസി ക്ഷേമ നിധി അംഗങ്ങൾ ബാങ്കുകൾ /ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എടുക്കുന്ന 20 ലക്ഷം രൂപ വരെയുള്ള ഭവന വായ്പകൾക്ക് 5% സർക്കാർ വായ്പാ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണിത്. നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 1 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്. ആയതിനുള്ള ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങൾ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ഗുണഭോക്താവ് പ്രവാസി ക്ഷേമ നിധിയിലെ സജീവ അംഗമായിരിക്കണം.
2. അംഗത്തിനോ ജീവിത പങ്കാളിക്കോ സ്വന്തമായി വാസയോഗ്യമായ വീട് ഉണ്ടായിരിക്കാൻ പാടില്ല. അംഗത്തിന്റെയോ ജീവിത പങ്കാളിയുടെയോ പേരിൽ സ്വന്തമായി വീട് നിർമ്മിക്കാൻ അനുയോജ്യമായ സ്ഥലം കേരളത്തിൽ ഉണ്ടായിരിക്കേണ്ടതാണ്.
3. ലഭ്യമാകുന്ന യോഗ്യമായ അപേക്ഷകളിൽ നിന്നും വാർഷിക വരുമാനം ഏറ്റവും കുറവുള്ളവർക്ക് മുൻഗണന നൽകുന്ന വിധത്തിലും അപ്രകാരം അപേക്ഷകൾ പരിശോധിക്കു

വാൻ സാധിക്കാത്ത അവസരത്തിൽ അംഗത്വ സീനിയോരിറ്റി അനുസരിച്ചും അർഹതയുള്ള വരുടെ ലിസ്റ്റ് തയ്യാറാക്കി ആയതിൻ പ്രകാരം ആനുകൂല്യം നൽകുന്നതാണ്.

4. 20 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 5% വായ്പാ സബ്സിഡി (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്ന ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങളിലെ ഗുണഭോക്താവിന്റെ വായ്പാ അക്കൗണ്ടിലേക്ക് വായ്പാ തുകയ്ക്ക് ആനുപാതികമായി മുൻകൂറായി നൽകുന്നു. ബാക്കിയുള്ള തുകയ്ക്കാണ് ഗുണഭോക്താവ് തിരിച്ചടവും പലിശയും നൽകേണ്ടത്.

   പ്രവാസി ഭവന വായ്പാ പദ്ധതി പ്രകാരമുള്ള സബ്സിഡിയ്ക്കായി അംഗങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്.

## കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഓഫീസ് അഡ്രസ്സ്

☞ **മുഖ്യ ഓഫീസ് – തിരുവന്തപുരം**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, രണ്ടാം നില, നോർക്ക സെന്റർ, ഗവ: ഗസ്റ്റ് ഹൗസ്സിന് സമീപം തൈയ്ക്കാട്, തിരുവനന്തപുരം-14.

കസ്റ്റമർ കെയർ - 0471 2465500

ഫോൺ നമ്പർ 0471 2785500

ഇ-മെയിൽ : info@pravasikerala.org

വെബ് സൈറ്റ് : www.pravasikerala.org

☞ **റീജിയണൽ ഓഫീസ് – എറണാകുളം**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്,

(റീജിയണൽ ഓഫീസ്) H-2102, ജവഹർ ലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം, കലൂർ, കൊച്ചി - 682017

ഫോൺ നമ്പർ 0484 2331066 , ഫാക്സ് 0484 2331066

ഇ-മെയിൽ : ekm.knrkwb@gmail.com

വെബ് സൈറ്റ് : www.pravasikerala.org

☞ **റീജിയണൽ ഓഫീസ് – കോഴിക്കോട്**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, (റീജിയണൽ ഓഫീസ്) സാമൂതിരി കോംപ്ലക്സ് സ്ക്വയർ, റെയിൽവേ ലിങ്ക് റോഡ്, കോഴിക്കോട്

ഫോൺ നമ്പർ 0495 2304604,

ഇ-മെയിൽ : deokkd.pravasikerala@gmail.com

വെബ് സൈറ്റ് : www.pravasikerala.org

☞ **ലെയ്സൺ ഓഫിസ്**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, പി.എച്ച് ടവർ, പെരിന്തൽമണ്ണ, മലപ്പുറം

ഫോൺ നമ്പർ 0483 2734604,

വെബ് സൈറ്റ് : www.pravasiwelfarefund.org

**കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ രൂപീകരണം**

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന 15 ഡയറക്ടർമാർ ഉൾപ്പെട്ടതാണ്. ഇതിൽ പ്രവാസി കേരളീയരെ (വിദേശം) പ്രതിനിധീകരിക്കുന്ന അഞ്ചു ഡയറക്ടർമാരും പ്രവാസി കേരളീയരെ (ഭാരതം) പ്രതിനിധീകരിക്കുന്ന രണ്ടു ഡയറക്ടർമാരും സർക്കാരിനെ പ്രതിനിധീകരിക്കുന്ന നാലു ഉദ്യോഗസ്ഥർ, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിനെ പ്രതിനിധീകരിക്കുന്ന ഒരു ഡയറക്ടർ, ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ. നോർക്ക റൂട്ട്സിൽ നിന്നുള്ള ഒരു പ്രതിനിധി. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡയറക്ടർ എന്നിവർ ഉൾപ്പെടുന്നു. ബോർഡിന്റെ ഡയറക്ടർമാരിൽ ഒരാളെ സർക്കാർ ചെയർമാനായി നിയമിക്കുന്നു.

**വിവരാവകാശ നിയമം**

വിവരാവകാശ നിയമ പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിലെ വിവരങ്ങൾ ലഭ്യമാകുന്നതിന് ചുമതലപ്പെട്ട കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**അപ്പലേറ്റ് അതോറിറ്റി**

| | |
|---|---|
| പേര് | ശ്രീ. ബി.വിജയകുമാർ. |
| തസ്തിക | മാനേജർ (ഫിനാൻസ്) |
| അഡ്രസ്സ് | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്,<br>രണ്ടാം നില, നോർക്ക സെന്റർ, ഗവ: ഗസ്റ്റ് ഹൗസ്സിന് സമീപം, തൈയ്ക്കാട്, തിരുവനന്തപുരം-14 |
| ഇ-മെയിൽ അഡ്രസ്സ് | info@pravasikerala.org |
| ഫോൺ നമ്പർ | 0471 2785500 |

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**

| | |
|---|---|
| പേര് | ശ്രീ. വി.എം.ജോസ്. |
| തസ്തിക | ഡിസ്ട്രിക് എക്സിക്യൂട്ടീവ് ഓഫീസർ |
| അഡ്രസ്സ് | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, രണ്ടാം നില, നോർക്ക സെന്റർ, ഗവ: ഗസ്റ്റ് ഹൗസ്സിന് സമീപം, തൈയ്ക്കാട്, തിരുവനന്തപുരം-14 |
| ഇ-മെയിൽ അഡ്രസ്സ് | info@pravasikerala.org |
| ഫോൺ നമ്പർ | 0471 2785500 |

**സ്റ്റേറ്റ് അസിസ്റ്റന്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ**

| | |
|---|---|
| പേര് | ശ്രീ. ബാബുരാജൻ. |
| തസ്തിക | ഡിസ്ട്രിക് എക്സിക്യൂട്ടീവ് ഓഫീസർ |
| അഡ്രസ്സ് | കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്, (റീജിയണൽ ഓഫീസ്) സാമൂതിരി കോംപ്ലക്സ് സ്ക്വയർ, റെയിൽവേ ലിങ്ക് റോഡ്, കോഴിക്കോട് |
| ഇ-മെയിൽ അഡ്രസ്സ് | deokkd.pravasikerala@gmail.com |
| ഫോൺ നമ്പർ | 0495 2304604 |

| | |
|---|---|
| പേര് | ശ്രീമതി. ഷെഹാൻ |
| തസ്തിക | ഡിസ്ട്രിക് എക്സിക്യൂട്ടീവ് ഓഫീസർ |
| അഡ്രസ്സ് | (റീജിയണൽ ഓഫീസ്) H-2102, ജവഹർ ലാൽ നെഹ്റു ഇന്റർ നാഷണൽ സ്റ്റേഡിയം, കലൂർ, കൊച്ചി - 682017<br>ഫോൺ നമ്പർ 0484 2331066 |
| ഇ-മെയിൽ അഡ്രസ്സ് | ekm.knrkwb@gmail.com |